പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2671 — 18.06.2018-ൽ മറുപടിക്ക്

## കോഴിക്കോട് തൊണ്ടിലക്കടവിൽ പാലം നിർമ്മാണം

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| (എ) കോഴിക്കോട് തൊണ്ടിലക്കടവിൽ പാലം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്നും എന്നാണ് ഇതിന് ഭരണാനുമതി നൽകിയതെന്നും വെളിപ്പെടുത്തുമോ; | (എ) കോഴിക്കോട്- തൊണ്ടിലക്കടവിൽ ഒറ്റവരി പാലം നിർമ്മിക്കുന്നതിന് സ.ഉ (ആർ.ടി)നം. 251/2011/പൊ.മ.വ തീയതി 10.02.2011 പ്രകാരം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പാലം നിർമ്മാണത്തിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനായി സ.ഉ (ആർ.ടി)നം. 1319/2017/പൊ.മ.വ തീയതി 30.08.2017 പ്രകാരം 200 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. |
| (ബി). പ്രസ്തുത പാലത്തിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിലവിലുള്ള സ്ഥിതി വ്യക്തമാക്കാമോ; | (ബി) കോഴിക്കോട് ജില്ലാ കളക്ടർക്ക് പൊതുമരാമത്ത് നിരത്തു വിഭാഗം കോഴിക്കോടിന്റെ 09.11.2017-ലെ ഡി.ബി.3/2486/2009 നമ്പർ കത്ത് പ്രകാരം അർത്ഥന സമർപ്പിച്ചിട്ടുണ്ട്. |
| (സി). സ്ഥലമെടുപ്പ് എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിന് കാലതാമസം വരാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ? | (സി) നിർബന്ധിത സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ ജില്ലാ കളക്ടർ പുറപ്പെടുവിച്ചെങ്കിൽ മാത്രമേ സ്ഥലമെടുപ്പ് നടപടികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |

S. Bindu

സെക്ഷൻ ഓഫീസർ